# കേൾക്കപ്പെടാത്ത പ്രാർഥനകൾ

കേൾക്കപ്പെടാത്ത പ്രാർഥനകൾ! അങ്ങനെയൊന്നുണ്ടോ? ആദ്യം വിശ്വസിക്കാൻ വിഷമമായിരുന്നു. കാരണം, തിരുലിഖിതത്തിന്റെ ആരംഭം മുതൽ അവസാനം വരെ നോക്കിയാൽ, കേൾക്കപ്പെട്ട പ്രാർഥനകളുടെ ദൃഷ്ടാന്തങ്ങളാണ്. ചില പ്രാർഥനകൾക്ക് ഉടൻ തന്നെ ഉത്തരം ലഭിച്ചിരുന്നു, ചില പ്രാർഥനകൾക്ക് അൽപ്പം താമസിച്ചും. കരുണാമസൃണനും സർവശക്തനും വാഗ്ദാനങ്ങളിൽ വിശ്വസ്തനുമായി തിരുലിഖിതം ദൈവത്തെ അവതരിപ്പിക്കുന്നു. പ്രാർഥനയ്ക്ക് ഉത്തരം നൽകുന്നതിനെ സംബന്ധിച്ച് നമ്മുടെ കർത്താവ് തറപ്പിച്ചു പറയുന്നു: "നിങ്ങൾ എന്റെ നാമത്തിൽ ആവശ്യപ്പെടുന്നതെന്തും പിതാവ് പുത്രനിൽ മഹത്വപ്പെടാൻ വേണ്ടി ഞാൻ പ്രവർത്തിക്കും. എന്റെ നാമത്തിൽ നിങ്ങൾ എന്നോട് എന്തെങ്കിലും ചോദിച്ചാൽ ഞാൻ അത് ചെയ്തുതരും...നിങ്ങൾ എന്നിൽ വസിക്കുകയും എന്റെ വാക്കുകൾ നിങ്ങളിൽ നിലനിൽക്കുകയും ചെയ്യുന്നെങ്കിൽ, ഇഷ്ടമുള്ളതു ചോദിച്ചുകൊള്ളുക, നിങ്ങൾക്ക് ലഭിക്കും...നിങ്ങൾ എന്റെ നാമത്തിൽ പിതാവിനോട് ചോദിക്കുന്നതെന്തും അവിടുന്ന് നിങ്ങൾക്ക് നൽകും"(യോഹ. 14,13-14;15,7.16). ഇതിനേക്കാൾ വലിയ ഉറപ്പ് നമുക്കെന്തിന്?

പ്രവാചകന്മാർക്ക് ദൈവദർശനം ഉണ്ടായിരുന്നു. അവർ പ്രാർഥിച്ചപ്പോൾ, ഉടൻ തന്നെ ദൈവം പ്രത്യുത്തരം നൽകിയിരുന്നു. ഏലിയായുടെ പ്രാർഥനയാൽ ആകാശം അടയ്ക്കപ്പെട്ടു, അവൻ പിന്നീട് പ്രാർഥിച്ചപ്പോൾ സമൃദ്ധമായി മഴ പെയ്തു. ഈയോബിന് സുദീർഘമായ കഠിനപരീക്ഷണങ്ങൾ ഉണ്ടായെങ്കിലും, അവസാനം അവന്റെ പ്രാർഥന കേൾക്കപ്പെട്ടു. കഠിന വേദനയിലൂടെ കടന്നുപോയ യോനായുടെ പ്രാർഥനയും കേൾക്കപ്പെട്ടതായി നാം കാണുന്നു. അതുപോലെ വിശുദ്ധ ശ്ലീഹന്മാരുടെ പ്രാർഥനകളും കേൾക്കപ്പെട്ടതായി തിരുലിഖിതം രേഖപ്പെടുത്തുന്നു.

എന്നാൽ തിരുലിഖിതത്തിൽ ഒരിടത്തു മാത്രം കേൾക്കപ്പെടാത്ത പ്രാർഥന നാം കാണുന്നു. ഗത്സമേൻ തോട്ടത്തിൽ വച്ച് ദുഃഖപൂർണനായും അസ്വസ്ഥനായും തീവ്രദുഃഖത്താൽ മരണത്തോളം എത്തിയ നമ്മുടെ കർത്താവ് കമഴ്ന്നുവീണ് പ്രാർഥിച്ച പ്രാർഥന കേൾക്കപ്പെട്ടില്ല: "എന്റെ പിതാവേ, സാധ്യമെങ്കിൽ, ഈ പാനപാത്രം എന്നിൽ നിന്ന് അകന്നു പോകട്ടെ. എങ്കിലും എന്റെ ഹിതം പോലെയല്ല, അവിടുത്തെ ഹിതം പോലെയാകട്ടെ.... എന്റെ പിതാവേ, ഞാൻ കുടിക്കാതെ ഇത് കടന്നുപോയില്ലെങ്കിൽ, അങ്ങയുടെ ഹിതം നിറവേറട്ടെ" (മത്താ. 26,37-42). വി. മർക്കോസ് ഇതും കൂട്ടിച്ചേർക്കുന്നു: "അവൻ അവരോട് പറഞ്ഞു: എന്റെ ആത്മാവ് മരണത്തോളം ദുഃഖിതമായിരിക്കുന്നു.... ആബാ, പിതാവേ, എല്ലാം അങ്ങേയ്ക്ക് സാധ്യമാണ്. ഈ പാനപാത്രം എന്നിൽ നിന്ന് മാറ്റിത്തരണമെ. എന്നാൽ എന്റെ ഹിതമല്ല, അങ്ങയുടെ ഹിതം മാത്രം" (14,34-36). ''അവൻ തീവ്രവേദനയിൽ മുഴുകി കൂടുതൽ തീക്ഷ്ണതയോടെ പ്രാർഥിച്ചു. അവന്റെ വിയർപ്പ് രക്തത്തുള്ളികൾ പോലെ നിലത്തു വീണു"എന്ന് വി. ലൂക്കോസ് രേഖപ്പെടുത്തുന്നു (22,44).

ഒരു ദൈവദൂതൻ യേശുവിനെ സമാശ്വസിപ്പിക്കാൻ സ്വർഗത്തിൽ നിന്ന് വന്നതായി കാണുന്നതല്ലാതെ, യേശു കേണപേക്ഷിച്ച കാര്യം പിതാവ് സാധിച്ചു കൊടുത്തതായി കാണുന്നില്ല. ഇത് കേൾക്കപ്പെടാത്ത ഒരു പ്രാർഥനയല്ലേ? ഇത്തരം പ്രാർഥനകൾ നമ്മുടെ ജീവിതത്തിലും ഉണ്ടാകാൻ ഇടയില്ലേ? നമ്മിൽ പലർക്കും ഈ അനുഭവം ഉണ്ടായിക്കാണില്ലേ?

എന്തുകൊണ്ടാണ് ഇപ്രകാരം സംഭവിച്ചത്? ഇതിന് ഉത്തരം നൽകാൻ ആർക്കു കഴിയും! എബ്രായലേഖനം ഇതിനൊരുത്തരം നൽകുന്നു: "തന്റെ ഐഹികജീവിതകാലത്ത്, മരണത്തിൽ നിന്ന് തന്നെ രക്ഷിക്കാൻ ക്രിസ്തുനാഥൻ കണ്ണീരോടും വലിയ വിലാപത്തോടും കൂടെ പ്രാർഥനകളും യാചനകളും സമർപ്പിച്ചു...പുത്രനായിരുന്നിട്ടും തന്റെ സഹനത്തിലൂടെ അവൻ അനുസരണം അഭ്യസിച്ചു. പരിപൂർണനാക്കപ്പെട്ടതു വഴി, തന്നെ അനുസരിക്കുന്നവർക്കെല്ലാം അവൻ നിത്യരക്ഷയുടെ ഉറവിടമായി"(5,7-9). ഈ സഹനത്തിലൂടെ അവൻ മഹത്വീകരിക്കപ്പെടണം എന്നതായിരുന്നു ദൈവതിരുമനസ്സ്. അതുകൊണ്ട്, കഠിനവേദനയുടെ മധ്യത്തിൽ പോലും "ദൈവമേ, തിരുവിഷ്ടം നിറവേറ്റാൻ ഇതാ, ഞാൻ വന്നിരിക്കുന്നു" എന്ന് അവിടുന്ന് പ്രഖ്യാപിച്ചു (എബ്രാ.10,7). ഗത്സമേൻ തോട്ടത്തിൽ വച്ച് പ്രാർഥിച്ചപ്പോൾ ഇതാണ് അവിടുന്ന് പറഞ്ഞത്. മനുഷ്യകുലത്തിന്റെ പാപങ്ങൾക്ക് പരിഹാരമായി ദൈവതിരുഹിതപ്രകാരം അവിടുന്ന് എന്നേക്കുമുള്ള ഏകബലി അർപ്പിക്കേണ്ടിയിരുന്നു. അതിലൂടെ അവൻ മഹത്വീകൃതനായി ദൈവത്തിന്റെ വലത്തുഭാഗത്ത് ഉപവിഷ്ടനായി (എബ്രാ. 10,12). യേശുവിന്റെ പീഡാനുഭവവും മരണവും അവിടുത്തെ മഹത്വീകരണമായിരുന്നു.

ദൈവേഷ്ടത്തിന് അവിടുന്ന് എതിരു നിന്നില്ല. കഠിനവേദനയുടെ മധ്യത്തിൽ, ഈ കാസാ കടന്നുപോകാൻ പ്രാർഥിച്ചു. എന്നാൽ ദൈവതിരുമനസ്സിന് സമർപ്പിച്ചുകൊണ്ടായിരുന്നു ഈ പ്രാർഥന. അവന്റെ പ്രാർഥന ഉപരിമഹത്വത്തിന് ഹേതുവായി. ദൈവേഷ്ടം നിറവേറ്റി, സഹനത്തിലൂടെ അവൻ വാഗ്ദാനം പ്രാപിച്ചു: "അവൻ തനിക്കുണ്ടാ

യിരുന്ന സന്തോഷം ഉപേക്ഷിച്ച്, അപമാനം വകവയ്ക്കാതെ, കുരിശ് ക്ഷമയോടെ സ്വീകരിച്ചു. ദൈവസിംഹാസനത്തിന്റെ വലത്തുഭാഗത്ത് അവരോധിക്കപ്പെട്ടു (എബ്രാ.12,2).

ഇത് നമുക്ക് മാതൃകയാണ്. സഹനത്തിലൂടെ നാം പവിത്രീകരിക്കപ്പെടുന്നു. നാം അർപ്പിക്കുന്ന പ്രാർഥനകൾ, പ്രത്യക്ഷത്തിൽ കേൾക്കപ്പെടുന്നില്ലെന്നു തോന്നിയാലും, നമ്മുടെ ഉപരി മഹത്വത്തിന് ദൈവം ഉപയുക്തമാക്കും:"ദൈവവചനം ഒരിക്കലും പരാജയപ്പെട്ടിട്ടില്ല"(റോമ.9,6). പരാജയപ്പെടുകയുമില്ല.

ദൈവപുത്രനായ കർത്താവേശുമിശിഹായുടെ അതിതീക്ഷ്ണമായ പ്രാർഥന, തക്കതായ കാരണത്താൽ കേൾക്കപ്പെട്ടില്ലെങ്കിൽ, ബലഹീനരും പാപികളുമായ നമ്മുടെ പ്രാർഥനകൾ-ചിലപ്പോൾ ദീർഘനാളത്തെ പ്രാർഥനകൾ- കേൾക്കപ്പെടാതിരുന്നാൽ, അതിന് തക്കതായ കാരണമുണ്ടെന്ന് നാം മനസ്സിലാക്കിക്കൊള്ളണം: "ആകാശത്തിലും ഭൂമിയിലും ആഴിയിലും അഗാധങ്ങളിലും കർത്താവ് തനിക്കിഷ്ടമുള്ളത് പ്രവർത്തിക്കുന്നു" എന്ന് സങ്കീർത്തകൻ പ്രഘോഷിച്ചത് സന്തോഷത്തോടെ സ്വീകരിക്കുക എന്നതു മാത്രമാണ് നമുക്ക് കരണീയം (135,6).

"വിശ്വാസമില്ലാത്തവരെപ്പോലെ ദൈവത്തിന്റെ വാഗ്ദാനത്തിനെതിരായി നാം ചിന്തിക്കരുത്. മറിച്ച്, ദൈവത്തെ മഹത്വപ്പെടുത്തിക്കൊണ്ട് വിശ്വാസത്തിൽ ശക്തി പ്രാപിക്കണം"എന്ന് അബ്രഹാമിന്റെ ദൃഷ്ടാന്തം ചൂണ്ടിക്കാണിച്ചുകൊണ്ട് വി. പൗലോസ് ശ്ലീഹാ നമ്മെ പ്രബോധിപ്പിക്കുന്നു (റോമ.4,20). വി. ശ്ലീഹാ തുടരുന്നു: "ക്രിസ്തുവിനോടൊപ്പം ഒരിക്കൽ മഹത്വപ്പെടേണ്ടതിന് ഇപ്പോൾ അവനോടു കൂടെ നാം പീഡയനുഭവിക്കുന്നു... ദൈവത്തെ സ്നേഹിക്കുന്നവർക്ക്, അവിടുത്തെ പദ്ധതി അനുസരിച്ച് വിളിക്കപ്പെട്ടവർക്ക്, അവിടുന്ന് സകലതും നന്മയ്ക്കായി പരിണമിപ്പിക്കുന്നു" (റോമ.8,17.28). അതുപോലെ വി. പൗലോസ് ശ്ലീഹാ പറയുന്ന മറ്റൊരു സംഗതിയും നാം ഗൗരവപൂർവം പരിഗണിക്കണം: "മനുഷ്യന്റെ ആഗ്രഹമോ, പ്രയത്നമോ അല്ല, ദൈവത്തിന്റെ ദയയാണ് എല്ലാറ്റിന്റെയും അടിസ്ഥാനം... താൻ ഇച്ഛിക്കുന്നവരോട് അവിടുന്ന് കരുണ കാണിക്കുന്നു (റോമ.9,16.18). തന്നെ വിളിച്ചപേക്ഷിക്കുന്ന എല്ലാവരുടെയും മേൽ തന്റെ സമ്പത്ത് വർഷിക്കുന്നവനാണ് തമ്പുരാൻ (റോമ.10,12).

എന്തെല്ലാം സംഭവിച്ചാലും പ്രാർഥനയിൽ സ്ഥിരതയുള്ളവരായിരിക്കാൻ നമുക്ക് ശ്രമിക്കാം. "എപ്പോഴും സന്തോഷത്തോടെ ഇരിക്കുവിൻ. ഇടവിടാതെ പ്രാർഥിക്കുവിൻ. എല്ലാക്കാര്യങ്ങളിലും നന്ദി പ്രകാശിപ്പിക്കുവിൻ. ഇതാണ് യേശുക്രിസ്തുവിൽ നമ്മെ സംബന്ധിച്ചുള്ള ദൈവഹിതം" എന്ന് വി. പൗലോസ് ശ്ലീഹാ ഉപദേശിക്കുന്നു(1 തെസ.5,16-18). നമ്മുടെ രക്ഷയുടെ നാഥകനെ സഹനം വഴി ദൈവം പരിപൂർണനാക്കിയതുപോലെ, നമ്മെയും സഹനത്തിലൂടെ പരിപൂർണരാക്കുവാൻ ദൈവം നിശ്ചയിക്കുമ്പോൾ, (എബ്രാ.2,10), സഹനം നീക്കണമെന്ന പ്രാർഥന കേൾക്കപ്പെടുകയില്ല. എന്നാൽ ആ പ്രാർഥന നിർഥകമാകുകയുമില്ല. പിന്നെയോ, നമ്മുടെ ഉപരിവിശുദ്ധീകരണത്തിനും നന്മയ്ക്കുമായി ദൈവം അതുപയോഗിക്കും.

ചേടിയത്ത് ഗീവർഗീസ് മൽപ്പാൻ

19-3-2015. സൺഡേ ശാലോമിന്